**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 252** **23-01-2025 - ൽ മറുപടിയ്ക്ക്**

**സർക്കാർ ആശുപത്രികളിലെ സൗജന്യ മരുന്ന് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യമായി നൽകുന്ന വിവിധ മരുന്നുകൾ നിലവിൽ ലഭ്യമല്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരുന്ന് വിതരണത്തിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ആശുപത്രികളിൽ സൗജന്യ മരുന്നു വിതരണത്തിൽ നിലവിൽ തടസ്സങ്ങൾ നേരിടുന്നില്ല.<br><br>സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ആവശ്യമായ മരുന്നുകളുടെ വാർഷിക ഇന്റന്റ് മുൻവർഷം തന്നെ വകുപ്പു മേധാവികൾ ശേഖരിക്കുകയും കേരള മെഡിക്കൽ സർവീസസ് കോർപറേഷന് കൈമാറുകയും , കോർപറേഷൻ ഓരോ ആശുപത്രികളിലും ആവശ്യാനുസരണം മരുന്നുകൾ എത്തിക്കുകയും ചെയ്തു വരുന്നു.<br><br>സർക്കാർ ആശുപത്രികളിലൂടെ മെച്ചപ്പെട്ട ചികിത്സയും, ഗുണനിലവാരമുള്ള മരുന്നുകളും ലഭ്യമാക്കിയതിലൂടെ സർക്കാർ ആശുപത്രികളെ സമീപിക്കുന്ന രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് കാരണം വാർഷിക ഇൻഡന്റിനു ഉപരിയായി ചിലയിനം മരുന്നുകൾ ആവശ്യമായിവരുകയും, ഇത്തരത്തിൽ മരുന്നുകൾക്ക് ഉണ്ടായ ഏറ്റക്കുറച്ചിലുകൾ പരിഹരിക്കാനുള്ള നടപടികൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ദർഘാസിൽ വിതരണക്കാരെ ലഭിക്കാത്ത മരുന്നുകൾക്ക് വിതരണോത്തരവുകൾ നൽകുവാൻ കോർപ്പറേഷന് കഴിയാതെ വരുന്ന സാഹചര്യത്തിൽ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് അനുവദിക്കുകയും സ്ഥാപനങ്ങൾ അത് നേരിട്ട് വാങ്ങിവിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.<br><br>വിതരണക്കാർ വിതരണത്തിൽ വീഴ്ച വരുത്തിയ മരുന്നുകൾ ലഭ്യമാക്കുവാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ കമ്പനികളുമായി നേരിട്ടിടപെട്ട് സപ്ലൈ ത്വരിതഗതിയിൽ പുരോഗമിക്കുന്നുണ്ട്. മാത്രമല്ല നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. |

| | | | |
|---|---|---|---|
| | | | സർക്കാർ ആശുപത്രികളിൽ ഏതെങ്കിലും തരത്തിൽ മരുന്നുക്ഷാമം നേരിട്ടാൽ ഇവ പരിഹരിക്കാൻ പ്രസ്തുത മരുന്നുകൾ ലഭ്യമായ ജില്ലാ മരുന്നു സംഭരണശാലകളിൽ നിന്നും ഇന്റർ വെയർഹൌസ് ട്രാൻസ്ഫർ, ഇന്റർ ഇൻസ്റ്റിറ്റ്യൂഷൻ ട്രാൻസ്ഫർ എന്നിവ മുഖേന മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ കോർപ്പറേഷൻ തലത്തിലും, ആശുപത്രിതലത്തിലും സ്വീകരിച്ചു വരുന്നുണ്ട്.<br><br>ഏതെങ്കിലും സാഹചര്യത്തിൽ, ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ കോർപ്പറേഷൻ വെയർ ഹൌസുകളിൽ ലഭ്യമല്ലാത്തപക്ഷം, ലോക്കൽ പർച്ചേയ്സ്, KASP, RSRY, RBSK, JSSK, TRIBAL FUND, HDS/HMC FUND തുടങ്ങി വിവിധ സ്കീമുകളിലൂടെ ആശുപത്രി തലത്തിൽ തന്നെ വാങ്ങി മരുന്നില്ലാത്ത സാഹചര്യം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | മരുന്നുകൾ വിതരണം ചെയ്ത കമ്പനികൾക്ക് കുടിശിക ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | മരുന്നുകൾ വിതരണം ചെയ്ത കമ്പനികൾക്ക് കുടിശിക ഇനത്തിൽ 09/01/2025 വരെയുള്ള കണക്കുകൾ പ്രകാരം 693,78,70,740/- രൂപ നൽകാനുണ്ട്. |
| (സി) | സാധാരണയായി ഏത് മാസത്തിലാണ് അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള മരുന്നുകളുടെ ടെണ്ടർ ക്ഷണിക്കാറുള്ളതെന്നും വരുന്ന സാമ്പത്തിക വർഷത്തേക്കുള്ള ടെണ്ടർ എപ്പോഴാണ് ക്ഷണിച്ചതെന്നും അറിയിക്കുമോ; | (സി) | ഓരോ സാമ്പത്തിക വർഷത്തിനും മുമ്പിലുള്ള നവംബർ-ഡിസംബർ മാസങ്ങളിലാണ് അടുത്ത സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകൾക്കുള്ള ദർഘാസുകൾ സാധാരണയായി ക്ഷണിക്കുന്നത്. അപ്രകാരം 2025-26 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നുകളുടെ സംഭരണത്തിനായുള്ള ദർഘാസുകൾ 27.12.2024 ന ക്ഷണിച്ചിട്ടുണ്ട്. |
| (ഡി) | കുടിശിക തുക കൊടുത്തു തീർക്കാത്തതിനാൽ പ്രമുഖ മരുന്നു കമ്പനികൾ മരുന്നു വിതരണത്തിനുള്ള ടെണ്ടറിൽ പങ്കെടുക്കാതെ വിട്ടു നിൽക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; എങ്കിൽ പ്രസ്തുത കുടിശിക കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ? | (ഡി) | കുടിശ്ശിക നൽകേണ്ടതുണ്ടെങ്കിലും മരുന്നു സംഭരണത്തിനായി കോർപ്പറേഷൻ ക്ഷണിച്ച ടെണ്ടറിൽ മരുന്നു കമ്പനികൾ പങ്കെടുക്കാതിരിക്കുന്ന സാഹചര്യം നിലവിലില്ല. കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ